## ക്വട്ടേഷൻ നോട്ടീസ്

പ്ലാന്റേഷൻ കോർപ്പറേഷൻ വക കാസറഗോഡ്, ചീമേനി തോട്ടങ്ങളിൽ ചെങ്കല്ല് (വെട്ട് കല്ല്) ഖനനത്തിനുമുള്ള പദ്ധതിയുടെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ലഭ്യമാക്കി തരുന്നതിനായി സർക്കാരിന്റെ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ അംഗീകൃത **Recognised Qualified Person**-ന്റെ സേവനം ആവശ്യമുണ്ട്. താല്പര്യമുള്ളവർ 07.11.2023, **3 PM**-നോ അതിനു മുൻപായോ ദി മാനേജർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, ചീമേനി എസ്റ്റേറ്റ് , ചീമേനി പി.ഒ, കാസറഗോഡ് – 671313 എന്ന വിലാസത്തിൽ മുദ്രവച്ച കവറിൽ സമ്മത പത്രം നൽകിയിരിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: **വെബ്സൈറ്റ് www.pcklimited.in, 9496076003,004,063,070,** ചീമേനി എസ്റ്റേറ്റ് ഓഫീസ്- **0467-2999579**

**മാനേജിംഗ് ഡയറക്ടർ**

പ്ലാന്റേഷൻ കോർപ്പറേഷൻ വക കാസറഗോഡ്, ചീമേനി തോട്ടങ്ങളിലെ ചെങ്കല്ല് (വെട്ട് കല്ല്) പ്രദേശങ്ങൾ കൃഷിക്ക് അനുയോജ്യമാക്കുന്നതിനായി ആരംഭിച്ചിട്ടുള്ള ചെങ്കല്ല് (വെട്ട് കല്ല്) ഖനന പദ്ധതികളുടെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നടപ്പിലാക്കുന്നതിന് ആവശ്യമായ സർക്കാർ അനുമതികളും സാക്ഷ്യപത്രങ്ങളും ലഭ്യമാക്കുന്നതിലേക്കായി ചെങ്കല്ല് (വെട്ട് കല്ല്) ഖനന സംബന്ധിയായ കാര്യങ്ങളിൽ പ്രവൃത്തി പരിചയമുള്ളവരായ സർക്കാർ അംഗീകൃത സേവന ദാതാക്കളിൽ നിന്നും താഴെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി കൺസൾട്ടന്റായി നിയോഗിക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

<u>വ്യവസ്ഥകൾ</u>

1. സേവന ദാതാവ് (കൺസൾട്ടന്റ്) സർക്കാരിന്റെ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ അംഗീകൃത **Recognised Qualified Person** ആയിരിക്കേണ്ടതാകുന്നു.
2. സേവന ദാതാവ് കോർപ്പറേഷന്റെ കാസറഗോഡ്, ചീമേനി എന്നീ തോട്ടങ്ങളിൽ നിന്നുള്ള ചെങ്കല്ല് ഖനന പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ സർക്കാർ അംഗീകാരങ്ങളും അനുബന്ധ സാക്ഷ്യപത്രങ്ങളും ലഭ്യമാക്കേണ്ടതാണ്.
3. സമ്മത പത്രം **07.11/2023, 3 PM**-നോ അതിനു മുൻപായോ ദി മാനേജർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, ചീമേനി എസ്റ്റേറ്റ് , ചീമേനി പി.ഒ, കാസറഗോഡ് – 671313 എന്ന വിലാസത്തിൽ മുദ്രവച്ച കവറിൽ നൽകിയിരിക്കേണ്ടതാണ്.
4. കാസറഗോഡ്, ചീമേനി എന്നീ തോട്ടങ്ങളിലേക്ക് സേവനം ലഭ്യമാക്കുന്നതിലേക്കായി സേവന ദാതാവിന് കോർപ്പറേഷൻ ആകെ നൽകേണ്ടതായ ഏറ്റവും കുറഞ്ഞ പ്രതിഫലം (നികുതികൾ ഉൾപ്പെടെ) സമ്മത പത്രത്തിൽ കൃത്യമായി രേഖപ്പെടുത്തിയിരിക്കേണ്ടതാകുന്നു.
5. പദ്ധതി നടത്തിപ്പിന് ആവശ്യമായതും നിയമപരവുമായ എല്ലാ അനുമതികളും സാക്ഷ്യപത്രങ്ങളും സേവന ദാതാവ് ബന്ധപ്പെട്ട കാര്യാലയങ്ങളിൽ നിന്നും വാങ്ങി നൽകേണ്ടതാണ്. ഇതിന് നിയമാനുസരണം അടയ്ക്കേണ്ടതായ ഫീസ് ഇനത്തിലുള്ള തുകകൾ മാത്രം കോർപ്പറേഷൻ നൽകുന്നതാണ്.
6. നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് കാലാവധി ഉണ്ടായിരിക്കുന്നതും ആയത് യഥാസമയം അറിയിക്കുന്നതുമാണ്.
7. മേൽ ജോലികളുടെ പുരോഗതി വിലയിരുത്തി പ്രതിഫലത്തുകയുടെ 50 ശതമാനത്തിൽ അധികരിക്കാത്ത തുക ആവശ്യമെങ്കിൽ നൽകാനുള്ള അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. സേവന ദാതാവ് മേൽ അനുമതിയും സാക്ഷ്യപത്രവും ഹാജരാക്കുന്ന മുറയ്ക്ക് ബാക്കി പ്രതിഫല തുക നൽകുന്നതുമാണ്.
8. ടി സേവനവുമായി ബന്ധപ്പെട്ട് സേവന ദാതാവ് കോർപ്പറേഷനുമായി കേരള ഗവൺമെന്റിന്റെ 200 രൂപയുടെ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.

9. സേവന ദാതാവിന് സമ്മതപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രതിഫലമല്ലാതെ, യാത്രാബത്ത തുടങ്ങിയ മറ്റൊരു തരത്തിലും തുകകൾ ലഭിക്കുന്നതിന് അവകാശമില്ലാത്തതാകുന്നു. മേൽ രേഖപ്പെടുത്തിയ തുക വർദ്ധിപ്പിച്ചു നൽകണമെന്ന് യാതൊരു കാരണവശാലും ആവശ്യപ്പെടാൻ പാടുള്ളതല്ല.
10. സേവന ദാതാവിന്റെ സേവനം തൃപ്തികരമായി പുരോഗമിക്കാതിരിക്കുകയോ, തൃപ്തികരമല്ലെന്നു കാണുകയോ ചെയ്യുന്ന പക്ഷം ആയത് സംബന്ധിച്ച് 15 ദിവസത്തെ നോട്ടീസ് നൽകി കരാർ ഉടമ്പടി റദ്ദുചെയ്യുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതുമാണ്.
11. സമ്മത പത്രത്തോടൊപ്പം സേവന ദാതാവിന്റെ പരിചയം, **Recognised Qualified Person** ആയി അംഗീകരിച്ച മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ സാക്ഷ്യപത്രം എന്നിവകളുടെ പകർപ്പ് സ്വയം സാക്ഷ്യപ്പെടുത്തിയത് എന്നിവ ഹാജരാക്കേണ്ടതാണ്.

**മാനേജിംഗ് ഡയറക്ടർ**

**പ്ലാന്റേഷൻ കോർപ്പറേഷൻ വക കാസറഗോഡ്, ചീമേനി തോട്ടങ്ങളിൽ ചെങ്കല്ല് (വെട്ട് കല്ല്) ഖനനത്തിനുള്ള പദ്ധതിയുടെ നടത്തിപ്പിനായി** Recognised Qualified Person **ആയി ജോലി ചെയ്യുന്നതിനുള്ള സമ്മതപത്രം**

| | |
|---|---|
| പേര്<br><br>അഡ്രസ്സ് (കര, വില്ലേജ്,താലൂക്ക്, പിൻകോഡ് സഹിതം) | |
| ലൈസൻസ് നമ്പർ | |
| ആധാർ നമ്പർ | |
| പാൻകാർഡ് നമ്പർ | |
| ഫോൺ നമ്പർ | |
| പ്രവൃത്തി പരിചയം | |
| കാസറഗോഡ്, ചീമേനി എന്നീ തോട്ടങ്ങളിലെ സേവനത്തിനായി ആകെ ആവശ്യപ്പെടുന്ന തുക (നികുതികൾ ഉൾപ്പെടെ) | തുക അക്കത്തിൽ ...........................<br><br>തുക അക്ഷരത്തിൽ ........................<br>.............................................................. |

സ്ഥലം

തീയതി

പേര്

ഒപ്പ്